**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം,**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ നിത്യകല പി പി, അസിസ്റ്റന്റ് സർജൻ- അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.DMOH-KSD/2183/2023-A5 തീയതി 03.11.2023, 07.02.2024, 02.07.2026

2. കാരണം കാണിക്കൽ നോട്ടീസ് നം DHS/22806/2023-EA4 തീയതി 23.12.2023

3. ഡോ നിത്യകല പി പി സമർപ്പിച്ച അപേക്ഷ തീയതി 29.01.2024

**ഉത്തരവ് നം. DHS/22806/2023-EA4 തീയതി.20-09-2026**

ഡോ നിത്യകല പി പി (D r Nithyakala P P) PEN 1035627), 31.10.2022 ന് ആരോഗ്യവകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. കാസർഗോഡ് റ്റാറ്റാ ട്രസ്റ്റ് ഗവ. ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിലിരിക്കവെ 01.05.2023 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് ടിയാളുടെ ലഭ്യമായ മേൽ വിലാസത്തിലേയ്ക്ക് അയച്ചു നൽകി. പരാമർശം (3) പ്രകാരം ഡോ നിത്യകല പി പി മറുപടി സമർപ്പിച്ചു.

2. 01.05.2023 മുതൽ അവധി അപേക്ഷ കൃത്യസമയത്ത് സമർപ്പിക്കുന്നതിന് സാധിച്ചിട്ടില്ലെന്നും കുടുംബപരമായ കാരണങ്ങളാൽ കേഴിക്കോട് ജില്ലയിൽ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നതായും 01.05.2023 മുതലുള്ള അവധി അപേക്ഷ സ്വീകരിച്ച് അവധി അനുവദിച്ച് തരണമെന്നും ആവശ്യപ്പെട്ടിരുന്നു.

3 . ടി അപേക്ഷ വിശദമായി പരിശോധിച്ചു. മുൻകൂർ അവധി അപേക്ഷ സമർപ്പിക്കാതിരിക്കുകയും അവധി അനുവദിക്കാതെ സേവനത്തിൽ നിന്നും വിട്ടു

നിന്നതും ഡോ. നിത്യകല പി പി-യുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി കണക്കാക്കുന്നു. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതുജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ പരാമർശം (3) പ്രകാരമുള്ള അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് കഴിയുകയില്ല.

**4.** ടി സാഹചര്യത്തിൽ **01.05.2023** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ നിത്യകല പി പി അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**5.** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ നിത്യകല പി പി അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Meenakshy V
Date: 20-09-2026
22:16:26

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Nithyakala P P,**

**Amrutha Nivas, Edachery,**

**Edachery North (PO), Vadakara, Kozhikode.**

പകർപ്പ്,

**1.** അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,

തിരുവനന്തപുരം.

**2.** ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),

കാസർഗോഡ്.

**3.** സൂപ്രണ്ട്,

റ്റാറ്റാ ട്രസ്റ്റ് ഗവ. ആശുപത്രി, കാസർഗോഡ്.

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

**4.** ഫയൽ